## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5431. 06.07. 2012-ൽ മറുപടിയ്ക്ക്**

## പാൻമസാല ഉല്പന്നങ്ങളുടെ നിരോധനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | പാൻമസാല, ഗുഡ്ക തുടങ്ങിയ വസ്തുക്കളുടെ നിരോധനത്തെ തുടർന്ന് വ്യാപാരികൾ രഹസ്യ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റുന്ന പുകയിലഉല്പന്നങ്ങൾ കണ്ടെത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്തുടനീളം ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ നടത്തിയ പരിശോധനയിൽ ഇതിനകം 16 ടണ്ണോളം നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. എറണാകുളത്ത് ഇത്തരത്തിൽ 8 ടണ്ണോളം ഉല്പന്നങ്ങൾ രഹസ്യമായി സൂക്ഷിച്ചിരുന്ന ഒരു ഗോഡൗൺ സീൽ ചെയ്തിരിക്കുകയാണ്. കൂടാതെ നിരോധനം സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിനായി 25.06.2012 ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നവർക്കും വില്പന നടത്തുന്നവർക്കുമെതിരെ പോലീസ് ആക്ട് അനുസരിച്ച് കർശന നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു. കൂടാതെ വാണിജ്യ നികുതി വകുപ്പിൽ നിന്നും നിരോധിക്കപ്പെട്ട ഉൽപ്പന്നങ്ങൾ വിൽക്കുവാൻ സാധ്യതയുള്ള കടക്കാരുടെ |

| | | | |
|---|---|---|---|
| | | | വിവരം ശേഖരിച്ച് പോലീസിന് കൈമാറിയിട്ടുണ്ട്. അതാത് ജില്ലകളിൽ സന്നദ്ധ സംഘടന കളുടെ സേവനം കൂടി ഉൾപ്പെ ടുത്തി നിരോധിക്കപ്പെട്ട പാൻമ സാല ഗുഡ്ക തുടങ്ങിയ ഉല്പന്ന ങ്ങളുടെ രഹസ്യ സൂക്ഷിപ്പു കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മറ്റ് വകുപ്പുകളുമായി സംയോ ജിച്ച് ആയത് കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പുകയില ഉല്പന്നങ്ങളുടെ നിരോധനത്തെത്തുടർന്ന് അന്യ സംസ്ഥാനങ്ങളിൽ നിന്ന് കള്ള ക്കടത്തായി കൊണ്ടുവരുന്ന പ്രസ്തുത ഉല്പന്നങ്ങൾ പരി ശോധിക്കുവാൻ സ്വീകരിച്ചി ട്ടുള്ള നടപടികൾ വിശദമാ ക്കുമോ? | (സി) | കേരളത്തിലേക്ക് പുതുതായിട്ട് നിരോധിക്കപ്പെട്ട ഉല്പന്നങ്ങൾ എത്തുന്നില്ല എന്ന് ഉറപ്പു വരുത്തു വാൻ ചെക്ക് പോസ്റ്റുകളിൽ പ്രത്യേക ജാഗ്രത പാലിക്കുവാൻ ഫുഡ്സേഫ്റ്റി/വാണിജ്യ നികുതി വകുപ്പ്/എക്സൈസ് എന്നിവ യിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**